# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*

No.63/PR/PIC/PHQ/18                                        Date : 13.03.2018

---

**മികച്ച ഡ്രൈവറാകാൻ ‘ട്രാഫിക് ഗുരു’**

നിയമങ്ങളൊന്നും തെറ്റിയ്ക്കാതെ സുരക്ഷിതമായി വണ്ടിയോടിച്ചാൽ ഒരു ബാഡ്ജ് കിട്ടും ് – ‘ഭയങ്കരൻ ഡ്രൈവർ’. വാഹനമോടിക്കുമ്പോൾ അൻപത് അപകടങ്ങൾ വരുത്തിയാൽ കിട്ടുക മറ്റൊരു ബാഡ്ജാണ് – ‘ചതിയൻ ചന്തു’. സുരക്ഷിത ഡ്രൈവിങ് രീതികളും ട്രാഫിക് നിയമങ്ങളും സ്വായത്തമാക്കാൻ കേരള പോലീസ് പുറത്തിറക്കിയ മൊബൈൽ ആപ്ലിക്കേഷൻ *ട്രാഫിക് ഗുരു*വാണ് ഈ മുദ്രകൾ നൽകുന്നത്.

രസകരങ്ങളായ മറ്റ് നിരവധി ബാഡ്ജുകളും ഈ ത്രീഡി വീഡിയോ ഗെയിം കളിക്കുന്നവർക്ക് ലഭിക്കും. കാറുകൾ പൂർത്തിയാക്കി ട്രക്കുകൾ ഓടിക്കാൻ കഴിയുന്നവർക്ക് ‘പുലി മുരുകൻ’. അഞ്ഞൂറ് കിലോമീറ്റർ യാത്ര പൂർത്തിയാക്കിയാൽ ‘നാടോടി’ എല്ലാ പാഠങ്ങളും സൂക്ഷ്മതയോടെ അഭ്യസിക്കുന്നവർക്കും എല്ലാത്തരം കാറുകളും ഓടിച്ചു തീർത്തവർക്കുമൊക്കെ ഇങ്ങനെ ബഹുമതിമുദ്രകളുണ്ട്.

സുരക്ഷിത ഡ്രൈവിങ് മാത്രമല്ല കൃത്യമായ റോഡ് നിയമങ്ങൾ ഹൃദ്യസ്ഥമാക്കാനും ഈ ആപ്ലിക്കേഷൻ സഹായിക്കും. രസകരമായ വീഡിയോ ഗെയിമായി ഉപയോഗിക്കാവുന്ന ഈ ആപ്പ് കുട്ടികൾക്കും ചെറുപ്പക്കാർക്കും മാത്രമല്ല സുരക്ഷിത ഡ്രൈവിങ്ങിൽ മെച്ചപ്പെടണമെന്ന് ആഗ്രഹിക്കുന്ന എല്ലാവർക്കും ഏറെ പ്രയോജനപ്രദമാണ്.

പോലീസ് ആസ്ഥാനത്ത് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ***ട്രാഫിക് ഗുരുവിന്റെ*** ഔപചാരികമായ പ്രകാശനകർമം നിർവഹിച്ചു. റോഡപകടങ്ങൾ കുറയ്ക്കാനുള്ള ശ്രമങ്ങളുടെ ഭാഗംകൂടിയാണ് ഈ സംരംഭമെന്നും ചെറുപ്പക്കാർക്കുമാത്രമല്ല, നന്നായി വാഹനമോടിക്കുന്നവർക്കും കഴിവുകൾ കൂടുതൽ മെച്ചപ്പെടുത്താൻ ഇത് സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു. ചെറുപ്പത്തിലേ ഈ രസകരമായ വീഡിയോ ഗെയിം കളിക്കുന്ന ഒരു കുട്ടി പ്രായപൂർത്തിയായി വാഹനമോടിക്കുമ്പോൾ നിയമങ്ങളെല്ലാം പൂർണ്ണമായി അറിവുണ്ടാകുമെന്ന് ഇതിന്റെ രൂപകൽപനയ്ക്ക് നേതൃത്വം നൽകിയ എ ഡി ജി പി നിതിൻ അഗർവാൾ പറഞ്ഞു.

കേരള പോലീസിന്റെ നിർദേശാനുസരണം റെയിൻ കൺസർട്ട് ടെക്നോളജീസിന്റെ സാങ്കേതിക സഹായത്തോടെ സിഡ്കോയാണ് പദ്ധതി ഏറ്റെടുത്തു നടപ്പാക്കിയത്.

ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നും ഐ ഒ എസ് പ്ലാറ്റ്ഫോമിൽ നിന്നും ട്രാഫിക് ഗുരു ഡൗൺലോഡ് ചെയ്യാം.